# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1923 15.07.16 -ൽ മറുപടിക്ക്

## മാടായി, മാട്ടൂൽ പഞ്ചായത്തുകളിൽ കടൽഭിത്തികളുടെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | മാത്യു ടി തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കടലാക്രമണം രൂക്ഷമായ കല്യാശ്ശേരി മണ്ഡലത്തിലെ മാടായി, മാട്ടൂൽ പഞ്ചായത്തുകളിലെ അരിയിൽചാൽ, കക്കാടംചാൽ, നീരൊഴുക്കുംചാൽ എന്നിവിടങ്ങളിൽ തകർന്ന സംരക്ഷണ ഭിത്തികൾ പുനർനിർമ്മിക്കുന്നതിനും പുതിയ സംരക്ഷണ ഭിത്തി പണിയുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ; | (എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ ചൂട്ടാട് പുതിയങ്ങാടി ഭാഗത്ത് പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനായി 297 ലക്ഷം രൂപയുടെ 2 പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളും നീരൊഴുക്കും ചാൽ, കക്കാടൻ ചാൽ, വാവു വളപ്പിൽ തോട്, മാട്ടൂൽ സൗത്ത് എന്നീ പ്രദേശങ്ങളിലുള്ള കടൽഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 949 ലക്ഷം രൂപയുടെ 5 പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളും തയ്യാറാക്കി വരുന്നു. മേൽസ്ഥലങ്ങളിലുള്ള കടൽ ഭിത്തി നിർമ്മാണ പുനരുദ്ധാരണത്തിന് ഏകദേശം 1246 ലക്ഷം രൂപയുടെ പ്രവൃത്തി ചെയ്യേണ്ടതുണ്ട്<br><br>നീരൊഴുക്കും ചാലിൽ ചെ. 100/400 കി. മീ നും 100/550 കി.മീ നും ഇടയിലുള്ള കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനായി 40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് S.D.R.F. ൽ ഉൾപ്പെടുത്തി നടപ്പാക്കാൻ എഗ്രിമെന്റ് വെച്ചിട്ടുണ്ട്.<br><br>നീരൊഴുക്കും ചാലിൽ ചെ. 100/200 കി. മീ മുതൽ 100/264 കി.മീ വരെയുള്ള കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനായി 25 ലക്ഷം രൂപയുടെ ഒരു പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തിക്ക് 3 തവണ ടെൻഡർ ചെയ്യുകയും 2 തവണ |

ക്വട്ടേഷൻ വിളിക്കുകയും ചെയ്തെങ്കിലും കരാറുകാരിൽ നിന്നും പ്രതികരണ മൊന്നും ഉണ്ടാകാത്തതിനാൽ നെഗോഷ്യേറ്റഡ് ക്വട്ടേഷൻ വിളിക്കുകയും കരാറുകാരൻ ഉയർന്ന നിരക്ക് ക്വാട്ട് ചെയ്തതിനാൽ ക്വട്ടേഷൻ നിരസിക്കുകയും റീ ടെൻഡർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

മാടായി പഞ്ചായത്തിൽ നീരൊഴുക്കും ചാലിൽ ചെ. 100/265 കി.മീറ്ററിനും 100/325 കി.മീറ്ററിനും ഇടയിലുള്ള കടൽഭിത്തിയുടെ പുനരുദ്ധാരണത്തിന് 15 ലക്ഷം രൂപയുടെ പ്രവൃത്തി, മൂന്നാം തവണ ടെണ്ടർ ചെയ്തപ്പോൾ ഒരു കരാറുകാരൻ 25% അധിക നിരക്ക് ക്വാട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത ടെണ്ടർ അംഗീകാരത്തിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

| | |
|---|---|
| (ബി) പുലിമുട്ടിന്റെ നീളം കൂട്ടുന്നതിനും മാട്ടൂൽ നോർത്തിൽ പുതിയ പുലിമുട്ട് പണിയുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) കടലാക്രമണം തടയുന്നതിനുള്ള തീര സംരക്ഷണ പ്രവൃത്തികൾ CWPRS/ IIT യോ വിശദമായ പഠനം നടത്തിയാണ് തീരുമാനിക്കുന്നത് ഇതിന്റെ പ്രാരംഭ പഠനം CWPRS നടത്തിക്കഴിഞ്ഞു. അതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. കണ്ണൂർ ജില്ലയിലെ 12 കി. മീ. വരുന്ന തീരങ്ങളിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടി മാർക്കറ്റ് മുതൽ വാവുവളപ്പ് തോട് വരെയുള്ള 4 കി.മീറ്ററും മാട്ടൂൽ സൗത്തിലെ 545 മീറ്ററും ഉൾപ്പെടുന്നു. പ്രസ്തുത പഠനത്തിനാവശ്യമായ ഡാറ്റകൾ ഫീൽഡിൽ നിന്നും ശേഖരിച്ച് വരികയാ ണ് |

സെക്ഷൻ ഓഫീസർ